ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM

## പ്രധാനവാർത്തകൾ

DATE: 18.03.2025

1. നീതിയുക്തവും ശക്തവുമായ ഒരു അന്താരാഷ്ട്രക്രമം അനിവാര്യമാണെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കർ.

2. ഇടുക്കി പരുന്തുംപാറ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ഭൂമി കൈയേറ്റ വിഷയങ്ങളിൽ നിയമസഭയിൽ ഇന്ന് പ്രതിപക്ഷ വാക്ക് ഔട്ട്. കൈയേറ്റങ്ങൾക്കെതിരെ ശക്തമായ നടപടി എടുത്തതായി മന്ത്രി കെ.രാജൻ.

3. കേരളത്തിന്റെ മനുഷ്യവിഭവ ശേഷി സംസ്ഥാനത്ത് തന്നെ പ്രയോജനപ്പെടുത്താൻ നടപടികൾ സ്വീകരിച്ചതായി മന്ത്രി കെ.എൻ.ബാലഗോപാൽ.

4. വിഴിഞ്ഞം തുറമുഖ പദ്ധതി 2028 ഓടെ പൂർണതോതിൽ പ്രവർത്തനസജ്ജമാകുമെന്ന് മന്ത്രി വി.എൻ.വാസവൻ. ഇതുവരെ 56 ശതമാനം പ്രദേശവാസികൾക്ക് തൊഴിൽ നൽകിയതായും മന്ത്രി.

5. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഒമ്പത് മാസത്തിലേറെയായി കുടുങ്ങിക്കിടന്ന ബഹിരാകാശയാത്രികരായ സുനിത വില്യംസും ബുച്ച് വിൽമോറും ഭൂമിയിലേക്ക് യാത്രതിരിച്ചു.

6. ഇംഗ്ലണ്ടിൽ ഇന്ന് നടക്കുന്ന കബഡി ലോകകപ്പ് മത്സരങ്ങളിൽ ഇന്ത്യൻ വനിതാ ടീം വെയിൽസുമായി ഏറ്റുമുട്ടും. പുരുഷ ടീം സ്കോട്‌ലാൻഡിനെ നേരിടും.

*************************************

പാർലമെന്റ്

പാർലമെന്റിന്റെ ഇരുസഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. രാജ്യത്ത് കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിൽ ലഭിക്കുന്നത് വസ്ത്ര മേഖലയിലാണെന്ന് കേന്ദ്രമന്ത്രി ഗിരിരാജ് സിംഗ് ലോക്സഭയിൽ പറഞ്ഞു. പിഎം മിത്ര പദ്ധതിയുടെ വിപുലീകരണത്തെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകുകയായിരുന്നു അദ്ദേഹം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിവിധ പ്രശ്നങ്ങൾ കോൺഗ്രസ് എം.പി സോണിയ ഗാന്ധി രാജ്യസഭയിൽ ഉന്നയിച്ചു.

RNUTVPM

*************************************

പാർലമെന്റ്-പ്രധാനമന്ത്രി

മഹാ കുംഭമേള ഉൾപ്പെടെയുള്ള സുപ്രധാന വിഷയങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇപ്പോൾ ലോക്സഭയിൽ സംസാരിക്കുകയാണ്. മഹാകുംഭ മേള വലിയ വിജയമായിരുന്നെന്ന് അദ്ദേഹം പറഞ്ഞു. കുംഭ മേളയുടെ അവസരത്തിൽ ലോകം മുഴുവൻ ഇന്ത്യയെ അദ്ഭുതത്തോടെയും നോക്കികണ്ടതായും പ്രധാനമന്ത്രി പറഞ്ഞു.

*************************************

## ജയ്ശങ്കർ

നീതിയുക്തവും ശക്തവുമായ ഒരു അന്താരാഷ്ട്ര ക്രമം അനിവാര്യമാണെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ പറഞ്ഞു. ന്യൂഡൽഹിയിൽ നടക്കുന്ന റെയ്സിന ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പരമാധികാരത്തിന്റെയും പ്രദേശിക സമഗ്രതയുടെയും പ്രാധാന്യം എടുത്തുപറഞ്ഞ അദ്ദേഹം പാക്കിസ്ഥാൻ നടത്തുന്ന അനധികൃത കൈയേറ്റം ഉദാഹരണമായി ചൂണ്ടിക്കാട്ടി. ഐക്യരാഷ്ട്രസഭ ഈ വിഷയം കൈകാര്യം ചെയ്തതിനെ അദ്ദേഹം വിമർശിക്കുകയും യുകെ, കാനഡ, യുഎസ് തുടങ്ങിയ രാജ്യങ്ങളുടെ പങ്കിനെ ചോദ്യം ചെയ്യുകയും ചെയ്തു.

മ്യാൻമറിലും പാശ്ചാത്യ രാജ്യങ്ങളിലും നടന്ന സൈനിക അട്ടിമറികളോടുള്ള വ്യത്യസ്തമായ അന്താരാഷ്ട്ര പ്രതികരണങ്ങൾ ചൂണ്ടിക്കാട്ടി, ആഗോള മാനദണ്ഡങ്ങളിൽ നീതിയുടെയും സ്ഥിരതയുടെയും ആവശ്യകതയെ മന്ത്രി ഊന്നിപ്പറഞ്ഞു. കഴിഞ്ഞ എട്ട് പതിറ്റാണ്ടുകളായി ആഗോള ക്രമം സമഗ്രമായി അവലോകനം ചെയ്യണമെന്നും ലോകത്തിലെ അധികാര സന്തുലിതാവസ്ഥയിൽ മാറ്റം വരുത്തുന്നതിനെ അംഗീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.റെയ്സിന സംഭാഷണത്തിന്റെ പത്താമത് പതിപ്പിന്റെ ഉദ്ഘാടനം ഇന്നലെ പ്രധാനമന്ത്രി നരേന്ദ്രമോദിയും ന്യൂസിലാൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണും സംയുക്തമായി നിർവ്വഹിച്ചു.

****************************************

## നിയമസഭ -മുഖ്യമന്ത്രി

കണ്ണൂർ വിമാനത്താവളത്തിനായി ഭൂമി ഏറ്റെടുക്കൽ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നിയമസഭയിൽ പ്രതിപക്ഷനേതാവ് വി. ഡി സതീശൻ, കെ.വി. സുമേഷ് എന്നിവരുടെ സബ്മിഷന് മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി. ഭൂമി ഏറ്റെടുക്കൽ

RNU TVPM

ചർച്ച ചെയ്യുന്നതിന് മുഖ്യമന്ത്രി തലത്തിൽ ഈ മാസം യോഗം ചേരുമെന്നും അദ്ദേഹം അറിയിച്ചു. കുടിയൊഴിപ്പിക്കുന്നവർക്ക് പകരം ഭൂമി അനുവദിക്കുന്നതിന് വ്യവസ്ഥ ഇല്ലാത്തതിനാൽ പ്രത്യേക പാക്കേജ് ശിപാർശ ചെയ്യാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയതായും മുഖ്യമന്ത്രി പറഞ്ഞു.

**************************************

## നിയമസഭ -വാക്കൗട്ട്

ഇടുക്കി പരുന്തുംപാറ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ വൻകിട ഭൂമി കൈയേറ്റ വിഷയങ്ങളിൽ നിയമസഭയിൽ ഇന്ന് പ്രതിപക്ഷ വാക്ക് ഔട്ട്. ഭൂമി കൈയേറ്റ പ്രശ്നങ്ങൾ മലയോര ജനതയിൽ സൃഷ്ടിക്കുന്ന ആശങ്ക സഭ നിർത്തി വെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് മാത്യു കുഴൽനാടൻ, മോൻസ് ജോസഫ്, കെ കെ രമ, അനൂപ് ജേക്കബ്, മാണി സി കാപ്പൻ തുടങ്ങിയവരാണ് നോട്ടീസ് നൽകിയത്. ഭൂമി കൈയേറ്റങ്ങൾക്കെതിരെ ശക്തമായ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് റെവന്യു മന്ത്രി കെ രാജൻ മറുപടി നൽകി. കൈയേറ്റങ്ങൾക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്ക് എതിരെ കർശന നടപടി എടുക്കുമെന്നും മന്ത്രി അറിയിച്ചു. മന്ത്രിയുടെ മറുപടിയെ തുടർന്ന് ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചു. ഭൂമി കൈയേറ്റങ്ങൾക്ക് ഉദ്യോഗസ്ഥരും കൂട്ട് നിൽക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ വാക്ക്ഔട്ട് പ്രസംഗത്തിൽ ആരോപിച്ചു.

**************************************

## നിയമസഭ -ധനമന്ത്രി (ഇൻട്രോ)

സംസ്ഥാനത്ത് നിലവിൽ ട്രഷറി നിയന്ത്രണമില്ലെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. 25 ലക്ഷത്തിന് മുകളിലുള്ള ചെക്കുകൾ മാറുന്നതിന് നേരത്തെ ഏർപ്പെടുത്തിയ

RNU TVPM

നിയന്ത്രണം മാത്രമാണ് നിലവിൽ ഉള്ളതെന്നും മന്ത്രി നിയമസഭയിൽ പറഞ്ഞു. കേരളത്തിന്റെ മനുഷ്യവിഭവ ശേഷി സംസ്ഥാനത്ത് തന്നെ പ്രയോജനപ്പെടുത്താൻ സർക്കാർ നടപടികൾ സ്വീകരിച്ചതായി അദ്ദേഹം അറിയിച്ചു. ഏത് ആധുനിക ജോലിയും ചെയ്യാൻ സാധിക്കുന്ന തരത്തിൽ കേരളത്തിന്റെ തൊഴിൽ അന്തരീക്ഷത്തെ മാറ്റണമെന്ന് ധനമന്ത്രി അഭിപ്രായപ്പെട്ടു.

## ( വോയിസ്.... )

**************************************

## നിയമസഭ-വിഴിഞ്ഞം

വിഴിഞ്ഞം തുറമുഖ പദ്ധതി 2028 ഓടെ പൂർണ തോതിൽ പ്രവർത്തന സജ്ജമാകുമെന്ന് മന്ത്രി വി എൻ വാസവൻ. മുഹമ്മദ് മുഹ്സിൻ എംഎൽഎ യുടെ ചോദ്യത്തിന് നിയമസഭയിൽ മറുപടി പറയുകയായിരുന്നു അദ്ദേഹം. തുറമുഖവുമായി ബന്ധിപ്പിക്കുന്ന റെയിൽപാത പദ്ധതിക്ക് റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചതായും ഇതിനായി 5.52 ഹെക്ടർ ഭൂമി ഏറ്റെടുക്കുമെന്നും മന്ത്രി പറഞ്ഞു. വിഴിഞ്ഞം കരാറിലെ വ്യവസ്ഥ അനുസരിച്ച് 56 ശതമാനം പ്രദേശവാസികൾക്ക് ഇതുവരെ തൊഴിൽ നൽകിയതായും ശ്രീ വാസവൻ അറിയിച്ചു.

( വോയിസ്)

**************************************

## നിയമസഭ -എ.കെ.ശശീന്ദ്രൻ

പാലക്കാട് പറമ്പിക്കുളം ആദിവാസി മേഖലയിൽ വൈദ്യുതി എത്തിക്കുന്ന പ്രവർത്തി മുൻഗണന അടിസ്ഥാനത്തിൽ പൂർത്തിയാക്കുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. നിയമസഭയിൽ

RNU TVPM

ചോദ്യോത്തര വേളയിൽ വൈദ്യുതി മന്ത്രിക്ക് വേണ്ടി മറുപടി പറയുകയായിരുന്നു അദ്ദേഹം. വൈദ്യുതി ഉപഭോഗം ഉയർന്നെങ്കിലും സംസ്ഥാനത്ത് നിലവിൽ ലോഡ് ഷെഡ്ഡിങ് ഏർപ്പെടുത്തേണ്ട സാഹചര്യം ഇല്ലെന്നും മന്ത്രി അറിയിച്ചു.

***********************************

## സുനിതാ വില്യംസ്

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഒമ്പത് മാസത്തിലേറെയായി കുടുങ്ങിക്കിടക്കുന്ന ബഹിരാകാശയാത്രികരായ സുനിത വില്യംസും ബുച്ച് വിൽമോറും ഭൂമിയിലേക്ക് യാത്രതിരിച്ചു. ഇരുവരെയും വഹിച്ചുകൊണ്ടുള്ള സ്പേസ് എക്സിന്റെ ഡ്രാഗൺ ബഹിരാകാശ പേടകം ഇന്ത്യൻ സമയം രാവിലെ 10.30 ന് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്ന് അൺ ഡോക് ചെയ്തു. നാളെ പുലർച്ചെ 3.27 ന് ഭൂമിയിൽ സ്പർശിക്കും.

***********************************

RIJU TVPM

## ഡൽഹി നിയമസഭ-പരിശീലന പരിപാടി

ഡൽഹി നിയമസഭയിലെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കായി ഇന്ന് മുതൽ ന്യൂഡൽഹിയിൽ നടക്കുന്ന രണ്ട് ദിവസത്തെ പരിശീലന പരിപാടി ലോക്സഭാ സ്പീക്കർ ഓം ബിർള ഉദ്ഘാടനം ചെയ്തു. പാർലമെന്ററി നടപടിക്രമങ്ങൾ, പെരുമാറ്റച്ചട്ടം, മികച്ച ഭരണ രീതികൾ തുടങ്ങിയവ സംബന്ധിച്ച് നിയമസഭാംഗങ്ങളെ ബോധവാന്മാരാക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. ഡൽഹി നിയമസഭാ സ്പീക്കർ വിജേന്ദർ ഗുപ്ത, ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത, മന്ത്രിമാർ, നിയമസഭാ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

***********************************

## പോഷൻ പക്വാഡ

കുട്ടികളുടെയും സ്ത്രീകളുടെയും പോഷകാഹാര നിലവാരം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ട് വനിതാ-ശിശു വികസന മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ഏഴാമത് **പോഷൻ പക്വാഡക്ക്** ഇന്ന് തുടക്കമാകും. ജനനം മുതൽ ആദ്യത്തെ 1,000 ദിനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, ആരോഗ്യകരമായ ജീവിതശൈലി തുടങ്ങി നാല് പ്രധാന വിഷയങ്ങളിൽ ഊന്നിയാണ് ഇത്തവണത്തെ പരിപാടി നടത്തുന്നത്. രാജ്യത്തുടനീളം വിവിധ പരിപാടികൾ നടക്കും.

************************************

## കബഡി ലോകകപ്പ്

ഇംഗ്ലണ്ടിൽ നടക്കുന്ന കബഡി ലോകകപ്പിൽ ഇന്ന് ഇന്ത്യൻ വനിതാ ടീം രാത്രി 7.30 ന് വെയിൽസുമായി ഏറ്റുമുട്ടും. പുരുഷ ടീം രാത്രി 10.30 ന് സ്കോട്ലാൻഡുമായി ഏറ്റുമുട്ടും. ഇന്നലെ നടന്ന ആദ്യ മത്സരത്തിൽ ഇന്ത്യയുടെ പുരുഷടീം ഇറ്റലിയെ പരാജയപ്പെടുത്തിയിരുന്നു.

************************************

## ബോക്സിംഗ്

2028 ലെ ലോസ് ഏഞ്ചൽസ് ഒളിമ്പിക്സിൽ ബോക്സിംഗ് ഉൾപ്പെടുത്തുന്നതിന് അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റിയുടെ അംഗീകാരം. തീരുമാനത്തെ സ്വാഗതം ചെയ്യുന്നതായി ലോക ബോക്സിംഗ് പ്രസിഡന്റ് ബോറിസ് വാൻ ഡെർ വോർസ്റ്റ് പറഞ്ഞു. 2022 ൽ ഇനങ്ങൾ തീരുമാനിച്ചപ്പോൾ ബോക്സിങ് ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല.

************************************

RNUTVPM

## മങ്കൊമ്പ് ഗോപാലകൃഷ്ണൻ

ഇന്നലെ അന്തരിച്ച കവിയും ഗാനരചയിതാവുമായ മങ്കൊമ്പ് ഗോപാലകൃഷ്ണന്റെ ഭൗതിക ശരീരം നാളെ രാവിലെ ഒൻപതുമണി മുതൽ പതിനൊന്ന്മണി വരെ എറണാകുളം ടൗൺ ഹാളിൽ പൊതു ദർശനത്തിന് വയ്ക്കും. തുടർന്ന് തൈക്കൂടത്തുള്ള വീട്ടിൽ എത്തിച്ച ശേഷം, രണ്ട് മണിയോടെ തൃപ്പൂണിത്തുറ പൊതു ശ്മശാനത്തിൽ സംസ്കരിക്കും.

**************************************

## കോട്ടയം-പാർട്ട്ടൈം കറസ്പോണ്ടന്റ്

കോട്ടയം ജില്ലയിൽ ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് **prasarbharati.gov.in/pbvacancies** എന്ന വെബ് സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മേയ് 30. വിശദവിവരങ്ങൾക്ക് തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ **0471-2324983** എന്ന നമ്പറിൽ ബന്ധപ്പെടുക. **Email id:** airnewstvpm@gmail.com.

PNU TVPM

**************************************

## ആകാശവാണി -കോഴിക്കോട് വാർഷികം

ആകാശവാണി കോഴിക്കോട് നിലയത്തിന്റെ 75-ാം വാർഷികാഘോഷ പരിപാടികൾക്ക് ഇന്ന് തുടക്കമാകും. 1950 മെയ് 14 നാണ് നിലയം പ്രവർത്തനം ആരംഭിച്ചത്. ഇന്ന് വൈകിട്ട് KP കേശവമേനോൻ ഹാളിൽ പാനൽ ചർച്ച സംഘടിപ്പിക്കും. സംഗീത സായാഹ്നം, യുവ ചിത്രകാരന്മാരുടെ

തത്സമയ സർഗചിത്ര രചന എന്നിവയും നടക്കും.

*************************************

**അമ്പലപ്പുഴ ഉത്സവം (ഇൻട്രോ)**

പ്രസിദ്ധമായ അമ്പലപ്പുഴ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ ഉത്സവത്തോട് അനുബന്ധിച്ച് ഇന്നും നാളെയും പടയണി നടക്കും. ഒമ്പതാം ഉത്സവമായ 24നാണ് പ്രസിദ്ധമായ നാടകശാല സദ്യ നടക്കുക.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി **ആർ രവികുമാർ....**
**( വോയിസ്....)**

**********************************************************************

**********************************************************************

RNU TVPM